"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സ്റ്റോർ പർച്ചേസ് വകുപ്പ്- ഓവർടൈം അലവൻസ് - കുടിശ്ശിക തുക അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ്(സി) വകുപ്പ്**

സ.ഉ.(സാധാ) നം.131/2024/SPD    തീയതി,തിരുവനന്തപുരം, 23-11-2024

---

പരാമർശം:-
1. 06.08.2024 ലെ സ.ഉ.(സാധാ) നം.81/2024/SPD
2. അച്ചടി വകുപ്പ് ഡയറക്ടറുടെ 01/10/2024 ലെ PTGD/1170/2024-G2 നമ്പർ കത്ത്
3. 06.11.2024 ലെ ജി.ഒ.(ആർ.റ്റി) നം.8256/2024/ഫിൻ

**<u>ഉത്തരവ്</u>**

അച്ചടിവകുപ്പ് ജീവനക്കാർക്ക് ഓവർടൈം അലവൻസ് കുടിശ്ശിക തുക അനുവദിക്കുന്നതു സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ OA 658/2024 നമ്പർ ഹർജിയിന്മേൽ 09.04.2024 തീയതിയിൽ പുറപ്പെടുവിച്ചിരുന്ന വിധിന്യായപ്രകാരം അച്ചടി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിരുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ 5,55,000/- രൂപ ഓവർടൈം അലവൻസ് അനുവദിക്കുന്നതിന് അനുമതി നൽകിക്കൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. എന്നാൽ ശ്രീ. സുരേഷ് കുമാർ എന്നയാളുടെ ഓവർടൈം കണക്കാക്കിയത് 2021 മാർച്ച് മാസം വരെയായിരുന്നെന്നും എന്നാൽ 2022,2023 കാലയളവിലെ തുക കൂടി അനുവദിക്കാനുണ്ടെന്നും ആയതിലേയ്ക്ക് കുടിശ്ശിക ഇനത്തിൽ ഇപ്പോൾ അനുവദിച്ചിട്ടുള്ള തുകയ്ക്കു പുറമേ 96,929/-രൂപ കൂടി അധികമായി അനുവദിക്കുന്നതിന് അനുമതിയും ഫണ്ടും ലഭ്യമാക്കണമെന്നും പരാമർശം (2) പ്രകാരം അച്ചടിവകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഓവർടൈം അലവൻസ് കുടിശ്ശിക അനുവദനീയമായ പരിധിയിലാണെന്ന് ഉറപ്പ് വരുത്തി പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി ഓവർടൈം അലവൻസ് തുക വിതരണം നടത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കായി 97,000/- രൂപ 2058-00-103-99-01-06-NC ശീർഷകത്തിൽ പരാമർശം (3) പ്രകാരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കു വിധേയമായി നടപ്പ് സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുൻപ് അധിക ചെലവ് ക്രമീകരിക്കുന്നതിന് ബന്ധപ്പെട്ട കൺട്രോളിംഗ് ഓഫീസർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

REMYA V

അണ്ടർ സെക്രട്ടറി

1. ഡയറക്ടർ, അച്ചടി വകുപ്പ്, തിരുവനന്തപുരം.
2. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I/II) കേരളം, തിരുവനന്തപുരം.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം.
4. ധനകാര്യ വകുപ്പ് (നം.E:2845119/EDN-B3/109/2024-FINdt 06/11/2024.)
5. ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ), ഐ&പി.ആർ.ഡി.
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ